**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3334** **08-10-2025 - ൽ മറുപടിയ്ക്ക്**

**മണ്ണിന്റെ വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി മണ്ണ് ലഭ്യമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി Red Earth, Other-than Red Earth എന്നീ ഇനങ്ങളുടെ LMR ഉൾപ്പെടുത്തുന്നതിന് LMR കമ്മിറ്റിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള വിലയെക്കാൾ ഉയർന്ന വില മാർക്കറ്റ് റേറ്റായി മണ്ണിന് നൽകേണ്ട സാഹചര്യത്തിൽ നിർമ്മാണങ്ങൾ (എർത്ത് ഫില്ലിംഗ് പ്രവൃത്തികൾ) മുടങ്ങിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി മണ്ണിന്റെ റേറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി Red Earth, Other-than Red Earth എന്നീ ഇനങ്ങളുടെ LMR ഉൾപ്പെടുത്തുന്നതിന് LMR കമ്മിറ്റിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള ചെറപ്പക്കര പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിന് മണ്ണ് ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് സ്റ്റേഡിയത്തിന്റെ പൂർത്തീകരണത്തിനായി എൽ.എ.സി.എ.ഡി. എസ്. 2019-20, 2020-21 മുഖേന ആകെ 99.42 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.<br><br>പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി ഏകദേശം 3150 $M^3$ മണ്ണ് ആവശ്യമാണ്. മേൽ പ്രവൃത്തിക്കാവശ്യമായ മണ്ണ് കരാറുകാരൻ തന്നെ ലഭ്യമാക്കി ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാർ ചെയ്ത് നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. DSOR പ്രകാരമുള്ള റേറ്റിൽ മണ്ണിന് വില അനുവദിച്ചിട്ടില്ലാത്തതിനാൽ കൺവേയൻസ് ചാർജ്, റോയൽട്ടി ചാർജ് എന്നിവ മാത്രം അനുവദിച്ചിട്ടുള്ളതാകയാൽ മണ്ണിന് മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ റേറ്റ് മാത്രമേ എസ്റ്റിമേറ്റിൽ അനുവദിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നതിനാലാണ് കരാറുകാർ ടെൻഡർ സ്വീകരിക്കാൻ തയ്യാറാകാതിരുന്നതും അതുമൂലം പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളതും. |

| | | | |
|---|---|---|---|
| | | | ഇതിന് പരിഹാരമായി നിലവിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽ ഇരിങ്ങാലക്കുട കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി മിച്ചം വന്നിട്ടുള്ള മണ്ണ് സൗജന്യമായി മേൽ പ്രവൃത്തിക്കായി ലഭ്യമാക്കുന്നതിന് കെട്ടിട വിഭാഗം തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർക്ക് 25.09.2025 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം സൗജന്യമായി മണ്ണ് ലഭ്യമായാൽ തുടർ നടപടികൾ സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ